**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.175**
**16.02.2016- ലെ മറുപടിക്ക്**

**പ്രഖ്യാപിത പദ്ധതികളുടെ തുടർ ചെലവുകൾക്കുള്ള ബജറ്റ് തുക**

| ചോദ്യം<br>**ശ്രീ.ബി.സത്യൻ, ശ്രീ.സാജു പോൾ, ശ്രീ. കെ.വി. വിജയദാസ്, ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ** | ഉത്തരം<br>**ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
|---|---|
| (എ) സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾക്കും, സ്കീമുകൾക്കും അടുത്ത വർഷങ്ങളിലെ തുടർ ചെലവുകൾ കൃത്യമായി കണക്കാക്കിയതിനു ശേഷമാണോ അനുമതി നല്കുന്നത് എന്ന് അറിയിക്കാമോ; 2015-16 ലെ ബജറ്റിൽ പ്രഖ്യാപിച്ച സാമ്പത്തിക ദൃഢീകരണ നടപടിയുടെ പശ്ചാത്തലത്തിൽ വിശദമാക്കാമോ; | (എ) നിലവിലുള്ള രീതിയനുസരിച്ച് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മാത്രമേ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കാറുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിലാണ് ഭരണാനുമതി നല്കുന്നത്. സർക്കാർ പദ്ധതികൾക്കും സ്കീമുകൾക്കും അടുത്ത അഞ്ചു വർഷത്തെ ചെലവുകൾ കൃത്യമായി കണക്കാക്കിയ ശേഷം മാത്രം അനുമതി നൽകുന്ന "സാമ്പത്തിക ദൃഢീകരണ പദ്ധതി" പുരോഗമിച്ച് വരികയാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ മാത്രമേ ആയത് പ്രാവർത്തികമാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**